II ഇ.ബി. XV- കേരള നിയമസഭ/IX-4

**പതിനഞ്ചാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 സെപ്റ്റംബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*91) റോഡുകളുടെ ശാസ്ത്രീയ പരിപാലനം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട്, ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 20026 കി.മീ. റോഡ് റണ്ണിംഗ് കോൺട്രാക്ടിന്റെ ഭാഗമായി പരിപാലിക്കാൻ പദ്ധതി നടപ്പിലാക്കുകയും റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുകയും വിവരങ്ങൾ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിശ്ചിത ഇടവേളകളിൽ പ്രവൃത്തികളുടെ ഗുണനിലവാരവും പുരോഗതിയും പരിശോധിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 50% പൊതുമരാമത്ത് റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും 5116.30 കിലോമീറ്റർ റോഡുകൾ ഉന്നത നിലവാരത്തിൽ നവീകരിക്കുകയും റോഡുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് കലണ്ടർ തയ്യാറാക്കി റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും യഥാസമയം നൽകാൻ സംവിധാനമൊരുക്കുകയും 2023-24 ബജറ്റിൽ പ്രഖ്യാപിച്ച റോഡുകളിൽ 101 എണ്ണത്തിന് ഭരണാനുമതിയും 71 എണ്ണത്തിന് സാങ്കേതികാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്. കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പാക്കുന്ന 794 കി.മീ. ദൈർഘ്യമുള്ള മലയോര ഹൈവേ പദ്ധതിയിൽ 88 കി.മീ. റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; 520 കി.മീ. തീരദേശ ഹൈവേയുടെ 449 കി.മീ. റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. മലപ്പുറം ജില്ലയിലെ രണ്ട് റീച്ചുകളിലായി 18 കി.മീ. റോഡ് നിർമ്മാണ പ്രവൃത്തി നടന്നുവരുന്നുണ്ടെന്നും ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി അഞ്ച് ജംഗ്ഷനുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും പൊതുമരാമത്ത്

വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ സ്കെച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 (*92) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, 2023-ലെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളും അനുബന്ധ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് യഥാസമയം ഫലപ്രഖ്യാപനം നടത്താൻ സാധിച്ചുവെന്ന് സഭയെ അറിയിച്ചു. 26-11-2022-ന് എസ്.എസ്.എൽ.സി. പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിക്കുകയും വിഷയ വിദഗ്ധരുടെ പാനൽ ഉപയോഗിച്ച് ചോദ്യപേപ്പർ തയ്യാറാക്കുകയും ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ സമയബന്ധിതമായി നിയമിച്ച് പരിശീലനം നൽകുകയും സംസ്ഥാന/ജില്ലാതലങ്ങളിൽ യോഗങ്ങൾ ചേർന്ന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുകയും വിവിധ തലങ്ങളിൽ സ്ക്വാഡുകൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിച്ച് ക്യാമ്പ് ഓഫീസർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർ,

അഡീഷണൽ ചീഫ് എക്സാമിനർ, അസിസ്റ്റന്റ് എക്സാമിനർ എന്നിവരെ നിയമിക്കുകയും പരീക്ഷാഭവനിലെ ജീവനക്കാരെ ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതിന്റെ ഫലമായി 19-05-2023-ന് ഫലപ്രഖ്യാപനം നടത്താൻ സാധിച്ചുവെന്നും അതുവഴി പ്ലസ് വണിന് 50 അധിക അധ്യയനദിനങ്ങൾ സാദ്ധ്യമായെന്നും തുടർനടപടികളിലൂടെ ജൂലൈ 5 മുതൽ സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കാൻ കഴിഞ്ഞെന്നും മന്ത്രി കൂട്ടിച്ചേർത്തു. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഹയർ സെക്കൻഡറി പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് യഥാസമയം വിതരണം ചെയ്യാനും പരീക്ഷാ നടത്തിപ്പിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തി ഉത്തരക്കടലാസുകളും ചോദ്യപേപ്പറുകളും കൃത്യസമയത്ത് എത്തിച്ച് സുരക്ഷിതത്വം ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. 2023 പരീക്ഷാ കേന്ദ്രങ്ങളും 80 മൂല്യനിർണ്ണയ ക്യാമ്പുകളും സജ്ജീകരിക്കുകയും 884 ക്യാമ്പ് ഉദ്യോഗസ്ഥരെയും 23231 അധ്യാപകരെയും നിയോഗിച്ച് മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുകയും ക്യാമ്പുകളിൽത്തന്നെ ടാബുലേഷൻ നടത്തി 25-05-2023-ന് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു. കാലതാമസം ഒഴിവാക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ ജില്ലാകേന്ദ്രങ്ങളിലെത്തിച്ച് വിതരണം ചെയ്തു. എസ്.എസ്.എൽ.സി. പരീക്ഷാ മാന്വലിന്റെ കരട്

തയ്യാറാക്കിയിട്ടുണ്ടെന്നും എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പുതിയ പാഠപുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ടെന്നും മലബാർ മേഖലയിൽ പ്ലസ് വണിന് പുതുതായി 92 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*93) <u>ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, 'ലെവൽ ക്രോസില്ലാത്ത കേരളം' പദ്ധതിയുടെ ഭാഗമായി 99 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റേത് കെ.ആർ.ഡി.സി.എൽ.നും നല്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലം ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. 12 ആർ.ഒ.ബി.കളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണെന്നും ആർ.ബി.ഡി.സി.കെ.-യുടെ നിർമ്മാണച്ചുമതലയിലുള്ള ഒമ്പത് റെയിൽവേ മേൽപ്പാലങ്ങൾ സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചർ രീതിയിലുള്ളതാണെന്നും ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണം നവംബറിൽ പൂർത്തീകരിക്കുമെന്നും

ആർ.ഒ.ബി. ഉൾപ്പെടെയുള്ള മേൽപ്പാലങ്ങളുടെ അടിഭാഗം ഉപയോഗപ്രദമാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് പദ്ധതി ആവിഷ്കരിക്കുമെന്നും ആദ്യഘട്ടമായി കൊല്ലം, നെടുമ്പാശ്ശേരി മേൽപ്പാലങ്ങൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും അകത്തേത്തറ റെയിൽവേ മേൽപ്പാലം യാഥാർത്ഥ്യമാക്കുന്നതിന് റെയിൽവേയുമായി ചർച്ച നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*94) ഡിജിറ്റൽ റീ-സർവ്വേ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തിയ 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വേ പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിലുള്ള 200 വില്ലേജുകളിലെ പ്രാരംഭ ജോലികൾ നടന്നുവരികയുമാണ്. പൂർണ്ണമായും സോഫ്റ്റ്‌വെയർ

അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവ്വേ പദ്ധതി നടപ്പാക്കുന്നതെന്നും അതിരടയാള നിയമപ്രകാരം സെക്ഷൻ 9(2) നോട്ടിഫൈ ചെയ്യുന്ന വില്ലേജുകളിലെ റിക്കാർഡുകൾ 'എന്റെ ഭൂമി' പോർട്ടൽ മുഖേന പരിശോധിക്കുന്നതിനും ആക്ഷേപമുള്ളപക്ഷം പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനും സാധിക്കുമെന്നും അപാകതകൾ പരിഹരിക്കുന്നതിന് സെറ്റിൽമെന്റ് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. CORS, RTK, R-ETS തുടങ്ങിയ നൂതന ഉപകരണങ്ങളുടെ സഹായത്തോടെയാണ് ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നത്. ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ടെണ്ടർ സ്പെസിഫിക്കേഷനും ആർ.എഫ്.പി.യും അന്തിമമാക്കിയശേഷമാണ് പർച്ചേസ് നടപടി സ്വീകരിക്കുന്നത്. ഫീൽഡിൽ പരീക്ഷണം നടത്തി ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യങ്ങൾ നല്കുകയും സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് ടോൾ ഫ്രീ നമ്പർ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നവംബർ ഒന്നിന് 15 വില്ലേജുകളിൽ ആദ്യ ഇന്റഗ്രേറ്റഡ് പോർട്ടൽ സംവിധാനം നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലാൻഡ്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കൈവശക്കാരന്റെ പേര് ഡിജിറ്റൽ സർവ്വേ റെക്കോർഡുകളിലുമുണ്ടാകുമെന്നും സർക്കാർ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി അന്യകൈവശമെന്ന് താൽക്കാലികമായി രേഖപ്പെടുത്തിയശേഷം പട്ടയ മിഷനിലുൾപ്പെടുത്തി പട്ടയം വിതരണം ചെയ്യുമെന്നും കേന്ദ്രസർക്കാരിന്റെ അനുമതിയോടെ തീരദേശ പട്ടയം അനുവദിക്കാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.